# മയ്യിത്ത് പരിപാലനം

[ Malayalam - മലയാളം - مليالم ]

﴿ أحكام غسل الميت ﴾


തയ്യാറാക്കിയത്:
സയ്യിദ് സഅ്ഫര്‍ സ്വാദിഖ്

جمع وترتيب: سيد سعفر صادق



കോപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ & ഗൈഡന്‍സ്
റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com
1431 – 2010

بسم الله الرحمن الرحيم

ഇസ്ലാം സമ്പൂർണമാണ്, മനുഷ്യ ജീവിതത്തിലെ വൈവിധ്യ മാർന്ന മേഖലകളിൽ പാലിക്കേണ്ട മുഴുവൻ നിയമങ്ങളും നമുക്കതിൽ ദർശിക്കാനാവും. അതിൽപെട്ടതാണ് മുസ്ലിമായ ഒരു വ്യക്തി മരിച്ച് കഴിഞ്ഞാൽ തന്റെ സഹോദരങ്ങൾക്ക് ആ മരിച്ച വ്യക്തിയോട് ചില ബാധ്യതകളുണ്ട്. അത് മയ്യിത്ത് സംസ്കരണ മുറകൾ എന്നപേരിലാണ് അറിയപ്പെടുന്നത്. ദൈവമില്ലെന്ന് വാദിക്കുന്നവർ പോലും അംഗീകരിക്കുന്ന പച്ചയായ ഒരു യാഥാർത്ഥ്യമാണ് മരണം. ആ മരണത്തിൽ നിന്ന് ആർക്കും തന്നെ ഒളിച്ചോടുവാൻ കഴിയില്ല. അല്ലാഹു പ്രവാചകത്വത്തിനായി കടഞ്ഞെടുത്ത പ്രവാചകന്മാർ പോലും മരണം ആസ്വദിച്ചിട്ടുണ്ടെങ്കിൽ മറ്റുള്ളവരുടെ കാര്യം പറയേണ്ടതില്ലല്ലോ? എല്ലാവരും മരണം ആസ്വദിക്കുക തന്നെ ചെയ്യും. അല്ലാഹു പറയുന്നു: (ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്) (ആലുഇംറാൻ:185) ആയതിനാൽ മരിക്കുന്നതിന് മുമ്പ് അതിന്റെ വിധികൾ പഠിക്കൽ മുസ്ലിം സമൂഹത്തിന് ബാധ്യതയാണ്. അതിലെ ഓരോ കർമ്മങ്ങളും ഇണ്ടാമിക പ്രമാണമായ ഖുർആനിന്റെയും പ്രവാചക ചര്യയുടെയും അടിസ്ഥാനത്തിലായിരിക്കേണ്ടതുണ്ട്. അതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ മാത്രമാണ് ഇവിടെ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്.

ഒരാൾ രോഗിയായാൽ അവനെ സന്ദർശിക്കൽ സുന്നത്താണ്, അതിന് വളരെയധികം ശ്രേഷ്ഠതയാണുള്ളത്. ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമിനുള്ള ബാധ്യത എണ്ണിപ്പറയുന്ന കൂട്ടത്തിൽ പ്രവാചകൻ(ﷺ) പറയുന്നു: (രോഗിയായാൽ അവനെ സന്ദർശിക്കുക, മരിച്ചാൽ അവനെ പിന്തുടരുക) (മുത്തഫഖുൻ അലൈഹി) ഇമാം മുസ്ലിം ഉദ്ധരിക്കുന്ന ഒരു ഹദീസ്: പ്രവാചകൻ(ﷺ)യിൽ നിന്ന് ‘മുസ്ലിമായ ഒരാൾ തന്റെ സഹോദരനായ ഒരു (രോഗിയായ) മുസ്ലിമിനെ സന്ദർശിക്കുകയാണെങ്കിൽ അവൻ മടങ്ങുന്നത് വരെ അവന് സ്വർഗത്തിന്റെ പരിമളം ആസ്വദിക്കാവുന്നതാണ്‘. ‘ആരെങ്കിലും പ്രഭാതത്തിൽ രോഗിയെ സന്ദർശിച്ചാൽ പ്രദോഷം വരെ അവന് വേണ്ടി മലക്കുകൾ സമാധാനത്തിന് വേണ്ടി പ്രാർത്ഥിക്കുന്നതാണ്, അത് പോലെ പ്രദോഷത്തിൽ ആരെങ്കിലും രോഗിയെ സന്ദർശിച്ചാൽ പ്രഭാതമാകുന്നത് വരെ മലക്കുകൾ അ

വന് ശാന്തിക്കായി തേടുന്നതാണ്' എന്ന വചനവും തിർമിദിയിൽ കാണാനാവും.

ഒരാൾ രോഗിയായാൽ അല്ലാഹുവിൽ ഭരമേൽപിക്കുന്നതോടൊപ്പം തന്നെ ചികിൽസിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ നിഷിദ്ധമായ കാര്യങ്ങൾ കൊണ്ട് ചികിൽസിക്കാവതല്ല. തിരുമേനി(ﷺ) അരുളുന്നു: 'നിഷിദ്ധമായത് കൊണ്ട് നിങ്ങൾ ചികിൽസിക്കരുത്' (അബൂദാവൂദ്). തന്നെ ബാധിക്കുന്ന രോഗം ഒരു പരീക്ഷണമായി കണ്ട് ചികിൽസയോടൊപ്പം ക്ഷമിക്കുകയും ചെയ്യണം. കാരണം വിശ്വാസിയുടെ കാലിൽ ഒരു മുള്ള് തറച്ചാൽ പോലും അതുമുഖേന അവന്റെ പാപങ്ങൾ പൊറുക്കുന്നതാണെന്നാണ് അന്ത്യപ്രവാചകൻ(ﷺ) അരുൾ ചെയ്തിട്ടുള്ളത്.

ഒരു മുസ്ലിം മരിച്ച് കഴിഞ്ഞാൽ അദ്ദേഹത്തെ കുളിപ്പിക്കുകയും, അവന് വേണ്ടി നമസ്കരിക്കുകയും, ഖബറിലേക്ക് വഹിച്ച് കൊണ്ട് പോകലും, ഖിബ്ലക്കഭിമുഖമായി മറമാടലും മുസ്ലിം സമൂഹത്തിന്റെ മേലുള്ള (ഫർള് കിഫായ) ബാധ്യതയാണ്.

## മയ്യിത്ത് കുളിപ്പിക്കുന്നതിന്റെ ശ്രേഷ്ഠത:

അബൂറാഫിഇൽ നിന്ന്, പ്രവാചകൻ(ﷺ)പറഞ്ഞു: (ആരെങ്കിലും ഒരു മയ്യിത്തിനെ കുളിപ്പിക്കുകയും ന്യൂനതകൾ മറച്ച് വെക്കുകയും ചെയ്താൽ അവന് അല്ലാഹു നാൽപ്പത് വൻ പാപങ്ങൾ പൊറുത്ത് കൊടുക്കുന്നതാണ്?) (ത്വബ്റാനി കബീറിൽ ഉദ്ധരിച്ചത്, ഹാകിം ഈ ഹദീസ് മുസ്ലിമിന്റെ നിബന്ധനകൾക്കനുസരിച്ച് സ്വഹീഹാണെന്ന് പറഞ്ഞിട്ടുണ്ട്.)

**കുളിപ്പിക്കേണ്ട രൂപം:**

ഒരു മുസ്ലിമിന്റെ മയ്യിത്ത് കുളിപ്പിക്കലും, കഫൻ ചെയ്യലും മുസ്ലിം സമുദായത്തിന്റെ മേൽ ബാധ്യതയാണ്. ആരെങ്കിലും ചെയ്താൽ മറ്റുള്ളവരിൽ നിന്ന് കുറ്റം ഒഴിവായി. മയ്യിത്ത് കുളിപ്പിക്കേണ്ടത് മുസ്ലിമും, വിശ്വസ്തനും, മയ്യിത്ത് കുളിപ്പിക്കുവാൻ അറിയുന്നവനുമായിരിക്കണം. പുരുഷന്മാരെ പുരുഷന്മാരും, സ്ത്രീകളെ സ്ത്രീകളുമായിരിക്കണം കുളിപ്പിക്കേണ്ടത്. എന്നാൽ ഭാര്യക്ക് ഭർത്താവിനെയും, ഭർത്താവിന് ഭാര്യയെയും കുളിപ്പിക്കാവുന്നതാണ്. എന്നാൽ ഏഴ് വയസ് താഴെയുള്ള കുട്ടിയാണെങ്കിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും കുളിപ്പിക്കാവുന്നതാണ്. ശുദ്ധിയുള്ള അനുവദനീയമായ വെള്ളം കൊ

ണ്ട്, മറയുള്ള സ്ഥലത്ത് വെച്ചായിരിക്കണം കുളിപ്പിക്കേണ്ടത്. മുട്ട് പൊക്കിളിനിടയിൽ മറച്ച് ബാക്കിയുള്ള ഭാഗത്ത് നിന്ന് വസ്ത്രം ഒഴിവാക്കി കൊണ്ടായിരിക്കണം കുളിപ്പിക്കേണ്ടത്. മയ്യിത്തിനെ ഇരുത്തുന്ന രൂപത്തിൽ തലഭാഗം അല്പം  ഉയർത്തിയതിന് ശേഷം മയ്യിത്തിന്റെ ഉദരത്തിന്മേൽ ലഘുവായൊന്ന് തടവി മാലിന്യം പുറത്ത് കളയേണ്ടതാണ്. ഈ സമയത്ത് നല്ലവണ്ണം വെള്ളം ഒഴിച്ച് മാലിന്യം നീക്കം ചെയ്യേണ്ടതുമാണ്. പിന്നീട് ശീല ചുറ്റിയ കൈകൊണ്ട് ശൗച്യം ചെയ്ത് കൊടുക്കണം. പിന്നീട് മയ്യിത്ത് കുളിപ്പിക്കുകയാണെന്ന നിയ്യത്ത് മനസിൽ കരുതുകയും ബിസ്മില്ലാഹ് എന്ന് പറഞ്ഞ് നമസ്കാരത്തിന് വുളുവെടുക്കുന്നത് പോലെ വുളുവെടുത്ത് കൊടുക്കുക. എന്നാൽ വായ കൊപ്ലിക്കുന്നതിനും മൂക്കിൽ വെള്ളം കയറ്റിചീറ്റുന്നതിനും പകരം വായയിലും മൂക്കിലും വെള്ളം പ്രവേശിക്കാത്ത രൂപത്തിൽ കുളിപ്പിക്കുന്നവന്റെ കൈവിരലുകൾ കൊണ്ട് പല്ലുകളിലും, മറ്റു ഭാഗങ്ങളിലും വെള്ളം കൊണ്ട് തടവുകയാണ് ചെയ്യേണ്ടത്. ശേഷം തലയും താടിയും സോപ്പുപയോഗിച്ച വെള്ളം കൊണ്ട് കഴുകി മയ്യത്തിന്റെ വലതുഭാഗം കഴുകുക. വലത് കഴുത്ത്, പിന്നീട് വലത് കൈയ്യും ചുമലും ശേഷം നെഞ്ചിന്റെ ഭാഗവും വലത് പാർശ്വവും വലത് തുടയും മുട്ടിൻ കാലും പാദവും കഴുകുക,തുടർന്ന് തിരിച്ച് കിടത്തിയിട്ട് വലത് മുതുകും കഴുകുക പിന്നീട് ഇടത് ഭാഗവും ഇതുപോലെ കഴുകുക. സോപ്പോ, സിദ്റോ ഉപയോഗിച്ചാണ് കുളിപ്പിക്കേണ്ടത്. കുളിപ്പിക്കുന്നവൻ തന്റെ കയ്യിൽ ശീല ചുറ്റൽ നല്ലതാണ്. ഒരു പ്രാവശ്യം കുളിപ്പിക്കലാണ് നിർബ്ബന്ധമായിട്ടുള്ളത്, സുന്നത്ത് മൂന്ന് തവണ കുളിപ്പിക്കുന്നതാണ്. ആവശ്യമെങ്കിൽ അതിലധികവും കുളിപ്പിക്കാം, അവസാനം ഒറ്റയായിരിക്കണം. അവസാനം കുളിപ്പിക്കുമ്പോൾ കർപ്പൂരം ചേർക്കാവുന്നതാണ്. കാരണം കർപ്പൂരം മയ്യത്തിന്റെ ശരീരത്തിന് ബലവും, സുഗന്ധവും നല്കും. സ്ത്രീയുടെ മുടി കെട്ടഴിച്ച് കഴുകിയ ശേഷം മൂന്ന് ഭാഗമാക്കി മെടഞ്ഞ് പിന്നിലേക്ക് ഇടേണ്ടതാണ്. കുളിപ്പിച്ച് കഴിഞ്ഞാൽ വൃത്തിയുള്ള വസ്ത്രം കൊണ്ട് തോർത്തണം. ഒരു മയ്യത്തിനെ കുളിപ്പിക്കുവാൻ ഏതെങ്കിലും കാരണത്താൽ കഴിഞ്ഞില്ലെങ്കിൽ (കുഷ്ഠ രോഗം, തീ പൊള്ളുക, അല്ലെങ്കിൽ മരിച്ച സ്ത്രീയുടെ ഭർത്താവോ, മറ്റു സ്ത്രീകളോ ഇല്ലാതിരുന്നാൽ) തയമ്മം ചെയ്യാവുന്നതാണ്. ശരീരത്തിന്റെ ഏതെങ്കിലും ഭാഗം കഴുകുവാൻ കഴിയില്ലെങ്കിൽ കഴിയുന്ന ഭാഗം കഴുകി ശേഷിക്കുന്ന ഭാഗത്തിന് തയമ്മും ചെയ്യാവുന്നതാണ്. തയമ്മും ചെയ്യേണ്ടത് തയമ്മും ചെയ്യുന്നവന്റെ കയ്യിൽ വല്ല

തും ചുറ്റിയതിന് ശേഷം മയ്യത്തിന്റെ മുഖവും, രണ്ട് മുൻകൈയും തടവുക. കുളിപ്പിച്ചവന് അതിന് ശേഷം കുളിക്കാവുന്നതാണ്, നിർബ്ബന്ധമില്ല.

**കഫൻ ചെയ്യേണ്ട രൂപം:**

മയ്യിത്തിനെ മുഴുവനും മറക്കുന്ന വസ്ത്രം കൊണ്ടാണ് കഫൻ ചെയ്യേണ്ടത്, വസ്ത്രം വെളുത്തതും, വൃത്തിയുള്ളതും, പുതിയതുമായിരിക്കൽ നല്ലതാണ്, പഴയ വസ്ത്രം കൊണ്ട് കഫൻ ചെയ്യലും അനുവദനീയമാണ്. പുരുഷനെ ശരീരമാസകലം പൊതിയാവുന്ന മൂന്ന് വസ്ത്രം കൊണ്ടും, സ്ത്രീകളെ അരയുടുപ്പും, മക്കനയും, നീളകുപ്പായവും പിന്നെ രണ്ട് പുടവകളുമടങ്ങുന്ന അഞ്ച് വസ്ത്രങ്ങൾ കൊണ്ടും കഫൻ ചെയ്യലാണ് പൂർണ സുന്നത്ത്. ചെറിയ ആൺകുട്ടിയെ ഒരു വസ്ത്രം കൊണ്ടും, മൂന്ന് വസ്ത്രം കൊണ്ടുമാവൽ അനുവദനീയമാണ്, പെൺകുട്ടിയെ ഒരു നീളകുപ്പായം, രണ്ട് പുടവകൾ എന്നിവ കൊണ്ട് കഫൻ ചെയ്യാവുന്നതാണ്. വസ്ത്രത്തിൽ പനിനീർ തെളിക്കലും, സുഗന്ധം പൂശലും നല്ലതാകുന്നു.

മൂന്ന് കഫൻ പുടവകളും ഒന്നിന് മുകളിൽ ഓരോന്നായി വെച്ച് അതിൽ മയ്യിത്തിനെ കിടത്തുക, എന്നിട്ട് സുഗന്ധം പരുത്തിയിൽ കലർത്തുകയും, ആ പരുത്തിയിൽ നിന്ന് മയ്യത്തിന്റെ ഗുഹ്യസ്ഥാനങ്ങളിലും, രണ്ട്കണ്ണുകളിലും, മൂക്കിലും, വായയിലും, രണ്ട് ചെവികളിലും, രണ്ട് കക്ഷങ്ങളിലും, കാലിന്റെയും കയ്യിന്റെയും മടക്കുകളിലും, പൊക്കിളിലും വെക്കുക. ശേഷം ഏറ്റവും മുകളിലെ കഫൻ പുടവ ഇടത് ഭാഗത്ത് നിന്നും വലത് ഭാഗത്തേക്കും, തുടർന്ന് വലത് ഭാഗം ഇടത്തേക്കും ചുറ്റുക, ഇത്പോലെ രണ്ടാമത്തെയും, മൂന്നാമത്തെയും പുടവകളും മടക്കുക. കഫൻ പുടവയുടെ കൂടുതൽ നീളമുള്ള ഭാഗം തലഭാഗത്തായിരിക്കേണ്ടതുണ്ട്. തലഭാഗത്തുള്ള കഫൻ പുടവയുടെ ഭാഗം മുഖത്തേക്കും, കാൽ ഭാഗത്തുള്ള ഭാഗം കാലിലേക്കും മടക്കിയതിന് ശേഷം കെട്ടുകളിടേണ്ടതാണ്.

സ്ത്രീകളെ അഞ്ച് വസ്ത്രം കൊണ്ട് കഫൻ ചെയ്യേണ്ടതുണ്ട്. ആദ്യം അരയുടുപ്പ് ധരിപ്പിക്കുക, പിന്നെ നീളകുപ്പായവും, തുടർന്ന് മക്കനയും ധരിപ്പിച്ചതിന് ശേഷം രണ്ട് പുടവകളിലുമായി ചുറ്റുക. (സ്വാലിഹ് ഫൗസാനിന്റെ അഹ്കാമുതക്ഫീൻ എന്ന ലേഖനത്തിൽ നിന്ന്)

**മയ്യിത്ത് നമസ്കാരം:**

ഒരു മുസ്ലിം മരിച്ചാൽ ആ മയ്യിത്തിനെ കഫൻ ചെയ്യലും, നമസ്കാരം നിർവ്വഹിക്കേണ്ടതും മുസ്ലീംകളുടെ സാമൂഹ്യ ബാധ്യതയാണ്. അവിടെ വലിയവരെന്നോ, കുട്ടിയെന്നോ, സ്ത്രീയെന്നോ, പുരുഷനെന്നോ വ്യത്യാസമില്ല. കുറച്ച് പേർ നിർവ്വഹിച്ചാൽ മറ്റുള്ളവർ അതിൽ നിന്നും ഒഴിവായി. എല്ലാ നമസ്കാരത്തിനെന്നപോലെ മയ്യിത്ത് നമസ്കാരത്തിനും ശുചിത്വം, വുളു, നഗ്നത മറക്കൽ, ഖിബ്ലക്ക് അഭിമുഖമായി നിൽക്കൽ, നിയ്യത്ത് ഉണ്ടായിരിക്കൽ തുടങ്ങിയവ പാലിക്കേണ്ടതാണ്. ഇമാം നിൽക്കേണ്ടത് മയ്യിത്ത് പുരുഷനാണെങ്കിൽ നെഞ്ചിന്റെ ഭാഗത്തും, സ്ത്രീയാണെങ്കിൽ മധ്യത്തിലുമാണ്. മറ്റുള്ളവർ ഇമാമിന് പിന്നിൽ മൂന്ന് സ്വഫ്ഫുകളായി നില്ക്കുക. പിന്നീട് ഇമാം തക്ബീർ ചൊല്ലി കൊണ്ട് കൈകൾ നെഞ്ചിൽ വെച്ച് അഊദു ചൊല്ലി (ഇവിടെ പ്രാരംഭ പ്രാർത്ഥന ചൊല്ലേണ്ടതില്ല) ഫാതിഹ സൂറത്ത് ഓതുക, ശേഷം തക്ബീർ ചൊല്ലി കൈകൾ കെട്ടി പ്രവാചകന്റെ മേൽ സ്വലാത്ത് ചൊല്ലുക, തുടർന്ന് തക്ബീർ ചൊല്ലി കൈകൾ കെട്ടിയതിന് ശേഷം മയ്യിത്തിന് വേണ്ടി പ്രാർത്ഥിക്കുക. പിന്നീട് തക്ബീർ ചൊല്ലി കൈകൾ കെട്ടിയതിന് ശേഷം വലത് ഭാഗത്തേക്ക് സലാം വീട്ടുക. മയ്യത്തിന് വേണ്ടിയുള്ള പ്രാര്ത്ഥന:

" اللَّهُمَّ اغْفِرْ لَهُ وَارْحَمْهُ وَعَافِهِ وَاعْفُ عَنْهُ وَأَكْرِمْ نُزُلَهُ وَوَسِّعْ مُدْخَلَهُ وَاغْسِلْهُ بِالْمَاءِ وَالثَّلْجِ وَالْبَرَدِ وَنَقِّهِ مِنَ الْخَطَايَا كَمَا نَقَّيْتَ الثَّوْبَ الأَبْيَضَ مِنَ الدَّنَسِ وَأَبْدِلْهُ دَارًا خَيْرًا مِنْ دَارِهِ وَأَهْلاً خَيْرًا مِنْ أَهْلِهِ وَزَوْجًا خَيْرًا مِنْ زَوْجِهِ وَأَدْخِلْهُ الْجَنَّةَ وَأَعِذْهُ مِنْ عَذَابِ الْقَبْرِ أَوْ مِنْ عَذَابِ النَّارِ " . (صحيح مسلم)

'അല്ലാഹുവെ, അദ്ദേഹത്തിന് നീ പൊറുത്ത് കൊടുക്കുകയും കരുണ ചെയ്യുകയും മാപ്പുകൊടുക്കുകയും സൗഖ്യം നൽകുകയും ചെയ്യേണമേ. ഇദ്ദേഹത്തിന്റെ ആദിഥ്യം ആദരപൂർവ്വമാക്കേണമേ. പ്രവേശന സ്ഥലം വിശാലമാക്കേണമേ.വെള്ളം മഞ്ഞ്, ഹിമം എന്നിവ കൊണ്ട് അദ്ദേഹത്തെ കഴുകേണമേ. വെള്ള വസ്ത്രം അഴുക്കിൽ നിന്ന് ശുചീകരിക്കുന്നത് പോലെ ഇദ്ദേഹത്തെ പാപങ്ങളിൽ നിന്ന് ശുചിയാക്കേണമേ. ഇദ്ദേഹത്തിന്റെ ഭവനത്തേക്കാൾ ഉത്തമ ഭവനവും കുടുംബത്തേക്കാൾ ഉത്തമ കുടുംബവും ഇണയേക്കാൾ ഉത്തമ ഇണയേയും അദ്ദേഹത്തിന് നീ നൽകേണമേ. അദ്ദേഹത്തെ സ്വർഗത്തിൽ പ്രവേശിപ്പിക്കേണമേ, അദ്ദേഹത്തെ ഖബറിലെ ശിക്ഷ നരകശിക്ഷ എന്നിവയിൽ നിന്നും രക്ഷിക്കേണമേ' (മുസ്ലിം)

മയ്യിത്ത് സ്ത്രീയാണെങ്കിൽ പ്രാർത്ഥനയിൽ അവൻ എന്നതിന് പകരം അവൾ എന്നാക്കി മാറ്റണം. മയ്യിത്ത് നമസ്കാരത്തിൽ ആരെങ്കിലും വൈകിയാണ് തുടരുന്നതെങ്കിൽ ഇമാം സലാംവീട്ടിയതിന് ശേഷം തനിക്ക് നഷ്ടപ്പെട്ടത് വീണ്ടെടുക്കേണ്ടതുണ്ട്, മയ്യിത്ത് അവിടെ നിന്നും എടുക്കുന്നതിന് മുമ്പ് നാല് തക്ബീറെങ്കിലും ചൊല്ലിക്കൊണ്ട് സലാം വീട്ടുക. ആർക്കെങ്കിലും മയ്യിത്ത് നമസ്കാരം നഷ്ടപ്പെട്ടാൽ ഖബറിനരികിൽ വെച്ച് നമസ്കരിക്കാവുന്നതാണ്. മറഞ്ഞ മയ്യിത്തിന് വേണ്ടിയുള്ള നമസ്കാരത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഇത് വിശദമായി ചർച്ച ചെയ്യുവാൻ ഇവിടെ അവസരമില്ല.

മറവ് ചെയ്ത് കഴിഞ്ഞാൽ മയ്യിത്തിന് സ്ഥൈര്യത്തിനും പാപമോചനത്തിനും വേണ്ടി തഥ്ബീത് ചൊല്ലേണ്ടതാകുന്നു. അതാണ് പ്രവാചക മാതൃക.

فقد كَانَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِذَا فَرَغَ مِنْ دَفْنِ الْمَيِّتِ وَقَفَ عَلَيْهِ فَقَالَ : ( اسْتَغْفِرُوا لأَخِيكُمْ ، وَسَلُوا لَهُ بِالتَّثْبِيتِ ، فَإِنَّهُ الآنَ يُسْأَلُ) رواه أبو داود (٣٢٢١)

മയ്യിത്ത് മറ മാടിയ ശേഷം നബി (ﷺ)അടുത്ത് നിന്ന് കൊണ്ട് ഇപ്രകാരം പറയാറുണ്ടായിരുന്നു: ''നിങ്ങൾ നിങ്ങളുടെ സഹോദരന് വേണ്ടി പാപമോചനത്തിനായി പ്രാർത്ഥിക്കുകയും അദ്ദേഹത്തിന് തഥ്ബീത്ത് (സ്ഥൈര്യം) ചോദിക്കുകയും ചെയ്യുക. തീർച്ചയായും ഇപ്പോൾ അദ്ദേഹം ചോദ്യം ചെയ്യപ്പെടുകയാണ്. '' (അബൂദാവൂദ്).
ഈ ഹദീസിനെ ആസ്പദമാക്കി പണ്ഡിതന്മാർ ക്രോഢീകരിച്ച ദുആ ഇപ്രകാരമാകുന്നു:

اللّٰهُمَّ ثبته عند السؤال اللّٰهُمَّ ألهمه الجواب اللّٰهُمَّ جافِ القبر عن جنبيه اللّٰهُمَّ اغفر له وارحمه اللّٰهُمَّ آمنه من كل الفزع - (احكام الجنائز / شيخ محمد بن صالح العثيمين)

'അല്ലാഹുവെ ചോദിക്കപ്പെടുന്ന സമയം അദ്ദേഹത്തിന് നീ സ്ഥൈര്യം നൽകേണമേ! അല്ലാഹുവെ, നീ അദ്ദേഹത്തിന് മറുപടി തോന്നിപ്പിക്കേണമേ! അല്ലാഹുവെ, അദ്ദേഹത്തിന്റെ ഇരുപാർശ്വങ്ങളിൽ നിന്നും ക്വബ്റിനെ നീ അകറ്റേണമേ! അല്ലാഹുവെ, നീ അദ്ദേഹത്തിന് പൊറുത്തു കൊടുക്കുകയും കരുണ കാണിക്കുകയും ചെയ്യേണമേ! അല്ലാഹുവെ എല്ലാവിധ സംഭ്രമങ്ങളെ സംബന്ധിച്ചും അദ്ദേഹത്തിന് നിർഭയത്വം നൽകേണമേ!'

നമ്മുടെ നാട്ടിൽ കാണുന്നത് പോലെ മരിച്ച വീട്ടിലുള്ള ഭക്ഷണ വിതരണം ഇസ്ലാമിൽ ഇല്ല. മറിച്ച് മരിച്ച വീട്ടുകാർക്ക് അയൽവാസികൾ ഭക്ഷണം ഉണ്ടാക്കി കൊടുക്കുകയാണ് വേണ്ടത്. ജഅ്ഫറ് മരിച്ചപ്പോൾ പ്രവാചകൻ(ﷺ) പറയുന്നു: 'നിങ്ങൾ ജഅ്ഫറിന്റെ വീട്ടുകാർക്ക് ഭക്ഷണം ഉണ്ടാക്കി കൊടുക്കുക, കാരണം അതിൽ നിന്നെല്ലാം അശ്രദ്ധമാക്കുന്ന ഒരു വാർത്തയാണ് അവർക്ക് വന്നിട്ടുള്ളത്'. ആയതിനാൽ മരിച്ച മൂന്നാം ദിവസമുള്ള സദ്യ, നാല്പതാം ദിവസമുള്ള സദ്യ, വർഷം തോറുമുള്ള സദ്യ ഇവയൊന്നും തന്നെ ഇസ്ലാമിക പ്രമാണങ്ങളിൽ തെളിവില്ലാത്തതാണ്. പ്രവാചക(ﷺ)ന്റെ കാലത്ത് തന്നെ മരിച്ച് പോയിട്ടുള്ള തന്റെ അരുമ സന്താനങ്ങളുടെ പേരിൽ ഇങ്ങനെയുള്ള സദ്യ ഉണ്ടാക്കിയതായി നമുക്ക് ഹദീസിൽ കാണാൻ കഴിയുന്നില്ല. അത് പോലെ പ്രവാചകൻ(ﷺ) മരിച്ചിട്ട് പ്രവാചക(ﷺ)യെ സ്വന്തം ശരീരത്തേക്കാൾ സ്നേഹിച്ചിരുന്ന സ്വഹാബികൾ ഇപ്രകാരമുള്ള സദ്യകൾ നടത്തിയതായിട്ടും നമുക്ക് കാണാൻ സാധ്യമല്ല. ആയതിനാൽ മരിച്ചയാൾക്ക് വേണ്ടി നമുക്ക് ചെയ്യാവുന്നത് അവർക്ക് വേണ്ടി പ്രാർത്ഥിക്കുക, അവരുടെ പേരിൽ ആരെയും അറിയിക്കാതെ സ്വദഖകൾ നൽകുക എന്നിവയാകുന്നു. ദീനിലില്ലാത്ത ബിദ്അത്തുകൾ ചെയ്ത് കൊണ്ട് ശിക്ഷ വാങ്ങുന്നവരിൽ പെടാതിരിക്കുവാൻ നാം ശ്രദ്ധിക്കുക

ഖബർ സിയാറത്ത് ഇസ്ലാമിൽ സുന്നത്താണ്. ഇന്നല്ലെങ്കിൽ നാളെ ഞാനും മരിക്കുമല്ലോയെന്ന പരലോക ചിന്ത ഉണ്ടാക്കുവാൻ വേണ്ടിയാണ് ഖബർ സന്ദർശനം ഇസ്ലാം അനുവദിച്ചിട്ടുള്ളത്. ഖബറിസ്ഥാനിൽ ചെന്ന് കൊണ്ട് അവർക്ക് സലാം പറയുകയും അവർക്ക് – വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. അവിടെ കുറെ നേരം നിൽക്കുവാനോ, നമസ്കരിക്കുവാനോ, ഖുർആൻ പാരായണം ചെയ്യുവാനോ, പതിവായി സന്ദർശിക്കുവാനോ പാടില്ല. ഈ വിഷയത്തിൽ കൂടുതൽ പഠിക്കുവാൻ നാം ശ്രമിക്കുക. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ.

وَصَلَّى اللهُ وَسَلَّم عَلَى نَبِيِّنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ أَجْمَعِين .

*****************